# മൂന്നു കവിതകൾ

അനിൽകുമാർ, പഴനിയപ്പൻ



മൂന്നു കവിതകൾ

അനിൽകുമാർ, പഴനിയപ്പൻ

(മലയാളം: കവിത)

© 2020, respective authors

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Three Fishing Boats, a painting (marine art) by Claude Monet (1840–1926). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# 1

# കടലെറങ്കണ പെണ്ണ്ങ്കോ

— ഡി. അനിൽകുമാർ

കടപ്പെറം വെളുത്ത
ചരുവം കമിഴ്ത്തി
ചന്തിയുറപ്പിച്ച
മീൻകാരി പെണ്ണുങ്ങൾ
മുറുക്കാൻ തുപ്പളി
വിരൽവിടവിലൂടെ
പമ്പരം കണക്ക് വിട്ട്
തലയിഴകളിലെ
പേൻ ഞെരിച്ച്
അവന്തചീല[1]
അഞ്ചാറുവട്ടം കെട്ടി
പെരുത്ത കലിയിൽ
പള്ളുരിച്ച്
സൂര്യൻകറുത്ത
പെണ്ണുങ്ങളായ പെണ്ണുങ്ങൾ
വള്ളംതള്ളി കടലിലിട്ട്
[2] തലമോരിയിലൊരുത്തി
[3] കടമ്പോട്ടിലൊരുത്തി
തോർത്ത് തലേച്ചുറ്റി
കയ്യ് പിറകേ കുട്ടി
മൂന്നാമതൊരുത്തി
തണ്ടുവലിക്കാൻ
നാലാമതൊരുത്തി
തുണ്ടയിടാൻ
അഞ്ചാമതൊരുത്തി
പെണ്ണുങ്ങൾ
കടലുകടന്നേ പോയല്ലോ
മീങ്കൊയ്യാൻ പോയല്ലോ

---

1. അഴിഞ്ഞ വസ്ത്രം
2. വള്ളത്തിന്റെ മുൻവശം
3. വള്ളത്തിന്റെ പിൻവശം

## 2

# ലോഡിങ്

— ഡി. അനിൽകുമാർ

കപ്പലിൽ നില്ക്കുന്ന എനിക്ക്
ഹാർബർ
അനങ്ങുന്നതായിട്ടേ തോന്നൂ
ഹാർബറിനോടൊപ്പം
ലോഡിറക്കുന്ന വണ്ടികളും.
ഉള്ളി, ഉരുളക്കിഴങ്ങ്
തക്കാളി പുറ്റത്തിച്ചക്ക
നിരയായിറക്കി
അട്ടിയായി അടുക്കി വയ്ക്കും.
സി ഐ ടി യു
എ ഐ ടി യു സി
യു ടി യു സി
ഷിഫ്റ്റനുസരിച്ച്
മാറി മാറി വന്ന്
വെസർപ്പൊഴുക്കും.
മോളിലൊരു ആപ്പീസറുണ്ടാകും
ചരക്ക് പൊട്ടിയാൽ
വലിയ വായിൽ
കീറിവിളിച്ചോണ്ട്
ശാസിക്കാൻ.
ചെട്ടെന്ന് ചെട്ടെന്ന്
[1]തൊളുത് തീരാനുള്ള
തൊരയിൽ
[2]ഊത്തംവെച്ച ഒടമ്പ്
എലുമ്പാകും.
മോന്തിച്ച്[3]
വീട്ടിലെത്തി
കൊട്ടാവി[4] വിടുമ്പോൾ
മക്കൾ
കരയുന്നതായിട്ടേ തോന്നൂ
അവർ ഉറക്കമാണെങ്കിലും.

1. ജോലി
2. വണ്ണം
3. അന്തിയ്ക്ക്
4. കോട്ടുവാ

# 3

# രൂപങ്ങൾ അരൂപങ്ങൾ നിർവചനങ്ങൾ

— സി. പഴനിയപ്പൻ

| | |
|---|---|
| പുസ്തകം: | വിരൽത്തുമ്പിലൂടരിച്ചുകയറുന്ന വെളിച്ചം. |
| പുസ്തകം: | ഊതി വീർപ്പിച്ച ബലൂണിന് ഒരു കുത്തുകൊടുക്കാനുള്ള സൂചി. |
| മഴ: | ഓരോ തുള്ളിയുടേയും തുള്ളിത്വത്തിന്റെ വിളംബര യാത്ര. തുള്ളികളുടെ ആയുസ്സോ പുറപ്പെടുന്നിടം മുതൽ വീണടയുന്നിടം വരെ. തുള്ളി ജലപ്പന്തോ ജലബലൂൺപൊള്ളമോ ചില്ലു ഗോളമോ. |
| വേനൽമഴ: | അഗ്നിശമന സേന. |
| കാറ്റാടി: | കാറ്റടിക്കുമ്പോൾ ആടുന്നത്, ആടുമ്പോൾ കാറ്റടിപ്പിക്കുന്നത്. |
| കടൽ: | തിരകളുടെ വിളി. കാതെത്താ ദൂരത്ത് ജീവന്റെ ഉപ്പുരസമുള്ള തിരകളുടെ വിളി. |
| കാക്ക: | കാ കാ... കർ... സ്ക്രോഫ്... ക്രൗ... ശബ്ദം കൊണ്ട് കാക്കയെന്ന് പേർ. എന്റെ കയ്യിലെ മുറുക്കു കഷണം കൊത്തിപ്പറിക്കുന്ന വിരുത്. വേർപാട് വിളിച്ചറിയിക്കുന്ന കൂട്ടക്കരച്ചിൽ. വീട്ടിലേക്ക് വിരുന്നുവരവ് അറിയിക്കുന്ന ഫോൺകാൾ. മരിച്ചുപോയ മുത്തശ്ശിയ്ക്ക് ഞാനയക്കുന്ന ചോറും പലഹാരവും എത്തിക്കുന്ന പോസ്റ്റ്മാൻ. |
| കോഴി: | വെട്ടാനോങ്ങി നിൽക്കുന്നവന്റെ മുന്നിൽ ഭയന്നുപോയ നിലവിളി. അതു കേട്ടുനിൽക്കുന്ന എന്റെയുള്ളിൽ ഇറച്ചിക്കു വേണ്ടിയുള്ള വിശപ്പ്. ആമാശയത്തിൽ മാംസം ദഹിപ്പിക്കാനുള്ള തയ്യാറെടുപ്പ്. |
| റേഡിയോ: | ശബ്ദത്തിന്റെ വീട്. സംസാരിക്കുന്ന കണ്ണാടി. |
| ലൂയി ബ്രയിൽ: | മഹാനായ ലൂയി ബ്രയിൽ, താങ്കളോട് കടപ്പാട്. കാഴ്ചയില്ലാത്ത ഞങ്ങൾക്കായി വെളിച്ചത്തിന്റെ സ്വർഗ്ഗം പണിതതിന്. അവിടെ ഞങ്ങളെ കുടിയിരുത്തിയതിന്. |
| ബ്രയിൽലിപി: | വിവിധ രൂപത്തിലുള്ള കുത്തുകളും വിരൽത്തുമ്പുകളും തമ്മിലുള്ള സ്നേഹസംവാദം. |
| വെള്ളവടി: | ഒരു ട്രാഫിക് ചിഹ്നം. സഞ്ചാര സ്വാതന്ത്ര്യത്തിന്റെ കാവലാൾ. |
| വിരൽത്തുമ്പ്: | കടലാസിലുള്ളത് എന്നിലേക്കും, എന്നിലുള്ളത് കടലാസിലേക്കും പകർത്തുന്നത്, കൈമാറുന്നത്. സ്പർശത്തിന്റെ സുതാര്യ പ്രതലം, രൂപബോധത്തിന്റെ നിർമ്മാതാവ്, രൂപത്തിന്റേയും. എന്നെ അടയാളപ്പെടുത്തുന്നത്. എന്റെ അസ്തിത്വത്തിന്റെ, സമ്മതത്തിന്റെ, സത്യത്തിന്റെ അടയാളം. |
| വെളിച്ചം-ഇരുട്ട്: | വെളിച്ചം വെളിച്ചമെങ്കിലും അതെനിക്ക് ഇരുട്ട്. ഇരുട്ട് ഇരുട്ടെങ്കിലും അതെനിക്ക് വെളിച്ചം. |
| ഉച്ചഭാഷിണി: | ലക്ഷ്യസ്ഥാനത്തെക്കുറിച്ചുള്ള സൂചന. എങ്കിലും ഉച്ചത്തിലുള്ള ഉച്ചഭാഷിണി എന്റെ ചുറ്റുപാടുകളുടെ അപഹർത്താവ്. |
| വൈദ്യുത ക്കാല് (പോസ്റ്റ്): | നടപ്പാതയിലെ പോസ്റ്റ് എന്റെ സഞ്ചാരസ്വാതന്ത്ര്യത്തിന്റെ അപഹർത്താവ്. |
| ഒഴുക്ക്: | ഒഴുക്ക് എന്തെന്നനുഭവിപ്പിച്ച് അറിയിച്ച പുഴ. ഒഴുക്ക് എന്തല്ലെന്ന് പഠിപ്പിച്ച കുളം. ജലത്തിന്റെ യാത്രയും വർത്തമാനവും. ആവർത്തനമില്ലാത്ത അനുഭവയാത്ര. |
| പുഴ: | ജലത്തിന്റെ ഓടുന്ന തീവണ്ടി. |
| തോട്: | തൊട്ടോടുന്ന വെപ്രാളജലം. |
| കാറ്റ്: | ചലനാത്മകമായ വായുവിന്റെ വർത്തമാനം. വിസിൽ വിളിച്ചോടിക്കുന്ന മേഘങ്ങളുടെ കളി മാഷ്. |
| ആകാശം: | ഇടി, വിമാനം, മഴ, പക്ഷികൾ ഇവയുടെ സാന്നിധ്യമറിയിക്കുന്നത്. |
| സമയം: | ഒരിക്കൽമാത്രം വന്നെത്തുന്ന ജീവിതം. |
| കാലം: | ജീവിതത്തിന്റേയും അന്തരീക്ഷത്തിന്റേയും അവസ്ഥാനുഭവം. അനുഭവനദി. |
| കെട്ടിടങ്ങൾ: | ഇന്നലെകളിൽ തിരശ്ചീനമാം കെട്ടിടങ്ങൾ. ഇന്ന് മഹാലംബങ്ങൾ, കേൾവിക്കിടം കൊടുക്കാത്തവർ. |
| നാണയം: | സമചതുരത്തിൽ അഞ്ചു പൈസ. വെട്ടുകളുള്ള വട്ടപ്പത്തു പൈസ. ഷഡ്ഭുജത്തിൽ ഇരുപതു പൈസ. ചെറുവട്ടത്തിൽ ഇരുപത്തഞ്ച്. വട്ടം കൂടിക്കൂടി അമ്പതു പൈസ, ഒരു രൂപ. വെട്ടുകളോടുകൂടി കനമുള്ള രണ്ടു രൂപ. വണ്ണത്തിൽ അഞ്ചു രൂപ. ശബ്ദരൂപങ്ങൾക്ക് ഒരു ഭാഷ്യം. നാണയം ഇന്നെനിക്ക് കനമില്ലാത്ത അടയാളം. നഷ്ടപ്പെട്ട വെറും വട്ടങ്ങൾ. എന്നെ കൈയ്യൊഴിഞ്ഞവ. |
| ഇറക്കം: | ഭൂമിയുടെ കൈത്താങ്ങ്. |
| കയറ്റം: | മനുഷ്യന്റെ കൈത്താങ്ങ്. |
| വീഴ്ച: | ഭൂമിയുടെ പിടിച്ചുവലി. |
| കാല്: | എന്നെ നിലത്തു താങ്ങിനിർത്തുന്ന തൂണ്. നിലത്ത് എന്റെ പാട് അടയാളപ്പെടുത്തുന്ന കാല്പാട്. കാല്പാട് അവശേഷിപ്പിക്കുന്നത് എന്റെ നിലപാട്. കാല്, എന്റെ നിലപാടെഴുതുന്ന പേന. |
| ശബ്ദം: | ഇരുട്ടും വെളിച്ചവും വകവക്കാതെ തടസ്സങ്ങളെ മറികടന്ന് വായുവിലേറി കുതിക്കുന്ന അശ്വം. |
| ശബ്ദം: | ഭാവങ്ങളുടെ സ്വനപേടകം. രൂപങ്ങളുടെ ശ്രവണാനുഭവം. |
| ചുണ്ട്: | മലരാൻ തുടങ്ങുന്ന മൊട്ടിന്റെ പുഞ്ചിരി. |
| ചുണ്ട്: | സ്നേഹത്തെ ഊർജ്ജപ്രവാഹമാക്കി മാറ്റുന്ന മൃദുല മാംസള സ്പർശം. |
| എന്റെ സ്വപ്നം: | ഞാൻ, ശേഷിയുള്ള കണ്ണും കാതും. സ്ഫുടതയുള്ള നാവ്. വിവേകമുള്ള മൂക്ക്. പുഞ്ചിരിക്കുന്ന ചുണ്ട്. ജീവിപ്പിക്കുന്ന വിരൽത്തുമ്പ്. നിലപാടുള്ള കാല്. ഇച്ഛാ ശക്തിയുള്ള മനസ്സ്. അപൂർണമെങ്കിലും ഇതെന്റെ സ്വപ്നം. |
| ഹൃദയം: | ഹൃദയത്തിന്റെ മുഷ്ടികളിൽ ഞാൻ സുരക്ഷിതൻ. എന്റെ മുഷ്ടികളിൽ ഹൃദയവും. |
| പന്ത്: | ഫുട്ബോൾ, ക്രിക്കറ്റ് ബോൾ, ഷോട്ട്പുട്ട്, ഡിസ്ക്, മൈതാനം, ദോശ, പപ്പടം, പൊള്ളം, കോഴിമുട്ട, ഗ്ലോബ്, മണൽത്തരി, കല്ല്, മഴത്തുള്ളി, തട്ടാനുള്ളവ, ഉരുട്ടാനുള്ളവ, പരത്താനുള്ളവ, പൊള്ളാനുള്ളവ, എറിയാനുള്ളവ, കളിക്കാനുള്ളവ, കളിച്ചു പഠിക്കാനുള്ളവ, ഗോളാകാനുള്ള ഗോളങ്ങൾ. ദൂരക്കാഴ്ചയിൽ ഞാനും ഒരു ഗോളമായിരിക്കുമോ? ആയിരിക്കാതെ! നാം ഭൂമിയുടെ മക്കൾ. ഭൂമിയുടെ ആകൃതി ജിയോയിഡ്. അതും ഒരു ഗോളം. പന്തിൽനിന്ന് പന്തല്ലാതെ മറ്റെന്താണുണ്ടാകുക? |
| സൗരയൂഥം: | പന്തുകളുടെ പ്രദർശനശാല. |
| പ്രപഞ്ചം: | അനേകം പന്തുകൾക്ക് ഉരുളാൻ വികസിക്കുന്ന മൈതാനം. പ്രപഞ്ച ഗോളം. |

□

## ഡി. അനിൽകുമാർ



നെയ്തൽത്തിണയുടെ കാവ്യപാരമ്പര്യ ത്തിന് ഇരുപത്തൊന്നാം നൂറ്റാണ്ടിലും തുടർക്കണ്ണിയുണ്ടെന്നു തെളിയിക്കുന്ന കവിതകൾ. തിരുവനന്തപുരത്തിനടുത്ത് വിഴിഞ്ഞം പ്രദേശത്തിന്റെ കടൽത്തീരജീ വിതവും ഭാഷയുമാണ് ഡി. അനിൽകുമാ റിന്റെ കവിതകളുടെ സവിശേഷത.

## സി. പഴനിയപ്പൻ



ഈ ലോകം എല്ലാവരുടേതുമാണ്. ജീവി തം എല്ലാവർക്കുമുള്ളതുമാണ്. എന്നാൽ ആ ജീവിതത്തിന്റെ ഭാഗമായ സാഹി ത്യമുൾപ്പെടെയുള്ള കലകൾ എല്ലാവർ ക്കുമുള്ളതല്ല എന്ന ധാരണ കാലം കൊ ണ്ടു് ഉണ്ടായി വന്നിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ മേൽക്കൈയുള്ളവരുടെ സാ ഹിത്യമാണ് എന്നും കേന്ദ്രത്തിൽ നിന്നത്. ശൈശവം തൊട്ടു കാഴ്ചശക്തി നഷ്ടപ്പെട്ടവർ എങ്ങനെയാണ ലോകത്തെ അനു ഭവിച്ച് ആവിഷ്കരിക്കുന്നത് എന്നതിന് മലയാളത്തിൽ നമുക്ക് അധികം മാതൃകകളില്ല. ഇവിടെയാണ് സി. പഴനിയപ്പന്റെ എഴുത്ത് പ്രധാനമാകുന്നത്. തന്റെ ചുറ്റുമുള്ള ലോകത്തെ തനി ക്കു മാത്രം സാദ്ധ്യമാകുന്ന തരത്തിൽ ആവിഷ്കരിക്കുകയാണ് ഈ എഴുത്തുകാരൻ. മേൽക്കൈ നേടിയവരുടെ കാഴ്ചപ്പുറങ്ങൾ ക്കു പുറന്തിരിഞ്ഞു നിൽക്കുന്നു, മിക്കപ്പോഴുമവ. മലയാളത്തിനു സമീപകാലത്തു കൈവന്ന വിസ്തൃതിയാണ് മുമ്പില്ലാത്ത ഇത്ത രം ആവിഷ്കാരങ്ങൾ.

സി. പഴനിയപ്പൻ കൊല്ലങ്കോട് സ്വദേശിയാണ്. ഇപ്പോൾ പട്ടാമ്പി നടുവട്ടം ഗവ. ജനത ഹയർ സെക്കണ്ടറി സ്കൂളിൽ ചരി ത്ര വിഭാഗം അധ്യാപകനായി ജോലി ചെയ്യുന്നു.

# പ്രതികരണങ്ങൾ

## അൻവർ അലിയുടെ കവിത

- അൻവറിന്റെ പ്രിയ കവിതകളിലൊന്ന്, മനോജിന്റെ കാതും കണ്ണും തുറന്നുള്ള വ്യാഖ്യാനവും. സമകാലീന ഇന്ത്യയുടെ ഈ ഭൂപടത്തിൽ ഇപ്പോൾ പുതിയ വണ്ടികളോടുന്നു, അനാഥരായ തൊഴിലാളികളെയും കൊണ്ട്. “ശഹർ ഛോഡ് കേ ജായെംഗേ, ഗാവ് ജാക്കർ മരേംഗേ” എന്നാവാം വണ്ടികൾ ഇപ്പോൾ പാടുന്നത്. — സച്ചിദാനന്ദൻ

- ഉരുക്കിന്റെ സിരകളുള്ളൊരു പുതിയ മഹാകവിതയാണ് അൻവറിന്റെ മെഹബൂബ് എക്സ്പ്രസ്സ്. ഇരകളുടെയും പീഡിതരുടെയും മൃതരുടെയും ദുർവഹമായ അനുഭവ ചരിത്രഭാരം വലിച്ച് ലോകത്തെവിടെയുമുള്ള ആധുനികസിനിമയിലും സാഹിത്യത്തിലും മറ്റു കലകളിലും പായുന്ന തീവണ്ടികൾ നമുക്കറിയാം. അവ കേൾപ്പിച്ച രോഷഗദ്ഗദങ്ങളിൽ നിന്നും മാറി ഉയർന്ന് നൊന്ത് മുഴങ്ങുന്ന മെഹബൂബ് എക്സ്പ്രസ്സിന്റെ സ്വരദാർഢ്യം. സമതലങ്ങളിലല്ല ഇതിന്റെ പാളങ്ങൾ. പാതാളത്തിലേക്ക് പായുന്ന കുരമ്പ് പോലെ കീഴ്ക്കാംതൂക്കായ പാലങ്ങളിൽ ചിലപ്പോൾ ഇതിന്റെ ഗതി. സ്വയം വീണ്ടെടുത്ത ദുരന്ത നായകനെപ്പോലെ അനുഭവങ്ങൾക്കുള്ളിലെ സൂക്ഷ്മപ്രകാശത്തിന്റെ മേടുകളിലേക്കാണ് ചിലപ്പോഴതിന്റെ ആരോഹണം. ആഖ്യാനത്തിന്റെ നിമ്നോന്നതങ്ങളിലൂടെ തീയുരുൾ പായിക്കൽ ഈ കവിക്കും രസം.

  മെഹബൂബിന് മനോജെഴുതിയ സൂക്ഷ്മവായന കവിതയിലും ചരിത്രത്തിലും ആണ്ടുനിൽക്കുന്നൊരു സമാനസൗന്ദര്യം. ആർദ്രഗഹനം എന്നൊക്കെ പറയാൻ തോന്നുന്നു.

  ഈ കവികൾക്കും സായാഹ്നയ്ക്കും വണക്കം.
  — കെ ജി എസ്

## പി. പി. രാമചന്ദ്രന്റെ കവിത

- പി. പി. രാമചന്ദ്രന്റെ ‘കാറ്റേ കടലേ’, വീണ്ടും വായിക്കാനവസരമുണ്ടാക്കിയതിനു നന്ദി. മിക്ക വരികളും ഓർമ്മയുണ്ടെങ്കിലും. കവിയുടെ കുറിപ്പു നന്നായി. എല്ലാ കവികളും സ്വന്തം ജീവിത പശ്ചാത്തലത്തിലും സാംസ്കാരിക പരിസരത്തിലും നിന്നാണ് ‘ബിംബങ്ങളും പ്രതീകങ്ങളും’ സ്വീകരിക്കുക. അതാണ് സത്യസന്ധം. അതിന് ക്ഷമാപണം ആവശ്യമില്ല. ചിലപ്പോൾ കവികൾ പകർന്നാടിയെന്നും വരാം, അവിടെ സ്വാനുഭവാഖ്യാനത്തെക്കാൾ പരാനുഭവ നിരീക്ഷണത്തിനാവും പ്രാഥമ്യം. അങ്ങിനെ പ്രദത്ത കർത്തൃത്വത്തിൽ നിന്നു രക്ഷപ്പെടാനുള്ള ശ്രമവും അസ്വാഭാവികമല്ല. സ്ത്രീക്കേ സ്ത്രീയനുഭവമെഴുതാനാവൂ, ദളിതനേ ദളിതാനുഭവമെഴുതാനാവൂ തുടങ്ങിയ വാദങ്ങൾ പാതി ശരിയാണ്, എന്നാൽ ഭാവന, സഹാനുഭവം—എംപതി—എന്നീ സാഹിത്യ പ്രഭവങ്ങളെ അവ കണക്കിലെടുക്കുന്നതേയില്ല. ഏറ്റവും നല്ല യുദ്ധനോവലുകൾ സൈനികർ എഴുതിയതല്ല, മരണത്തെക്കുറിച്ച് മരിച്ച അനുഭവമുള്ളവർ എഴുതിയതായി അനുഭവമില്ല; എല്ലാ എഴുത്തും ആത്മകഥയല്ല, പരകഥ കൂടിയാണ്. സാഹിത്യാസ്വാദനത്തിൽ ഈ രണ്ടു വശവും മനസ്സിലാക്കപ്പെടണം, അല്ലെങ്കിൽ നാം ഭാവനയെ അവഗണിക്കുന്ന ഒരു തരം അനുഭവൈകവാദത്തിൽ എത്തിപ്പെട്ടേക്കാം. ഇതേച്ചൊല്ലിയുള്ള വിവാദങ്ങളെല്ലാം മനസ്സിൽ വെച്ചു തന്നെയാണു പറയുന്നത്. ഹോമറോട് ഇലിയഡ് എഴുതരുതെന്നും, അമ്മയോ പൂതമോ അല്ലാത്ത ഇടശ്ശേരിയോട് പൂതപ്പാട്ടെഴുതരുതെന്നോ പറയരുത്. ഇഷ്ടം പോലെ വായിച്ചോളൂ, വായനയുടെ യുക്തി എഴുത്തിന്നകത്തുനിന്നു വരണമെന്നേയുള്ളൂ. എഴുത്തുകാരന്റെ പശ്ചാത്തലത്തിൽ നിന്നല്ല, എങ്കിൽ ടോൾസ്റ്റോയ് റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടിയാകുമായിരുന്നില്ല, ഭൂപ്രഭുവായ ഒരു ക്രിസ്ത്യാനി മാത്രമായിരുന്നേനെ (പ്ളീഹാനോഫ്—ലെനിൻ സംവാദം ഓർക്കുക). കാഫ്ക വരും കാലത്തെക്കുറിച്ചു താക്കീതു നൽകുന്നൊരു പ്രവാചകനു പകരം ഒരു ജീർണ്ണ–പിന്തിരിപ്പൻ നിരാശതാവാദിയും (ല്യൂകാച്ച്—ബെന്യാമിൻ സംവാദം).
  — സച്ചിദാനന്ദൻ

- അതുപോലെത്തന്നെയാണ് രചനകളെയും കലാകാരന്മാരെയും (അല്ലെങ്കിൽ ഏതു ജീവിതത്തെയും ) കുറിച്ചുള്ള പിൻതിരിഞ്ഞുള്ള നോട്ടങ്ങളും വിലയിരുത്തലുകളും. അത് അവയെ പുതുക്കുന്നുണ്ട്. ഒരു രചനാ ശരീരം എന്ന നിലയിൽ കാണുമ്പോൾ അവരും രചനകളും കാലവും മറ്റൊരു രീതിയിൽ വെളിപ്പെടുന്നു…ചിലർ കൂടുതൽ സമകാലികരായിത്തീരുമ്പോൾ ചിലർ കാലഹരണപ്പെടുന്നു… ഉദാഹരണത്തിന് ഇന്നു നമുക്ക് റായ്, സെൻ, ഘട്ടക്ക് രചനകൾ തികച്ചും വ്യത്യസ്തമായാണ് അനുഭവപ്പെടുക…
  — സി. എസ്. വെങ്കിടേശൻ

- സത്യം. എ കെ രാമാനുജൻ പറഞ്ഞ പോലെ കവിയുടെ ഏതെങ്കിലും ഭാഗമല്ല കവി മുഴുവനുമാണ് കവിതയെഴുതുന്നത്. ആത്മകഥയും പരകഥയും മനുഷ്യകഥയിൽ ഉരുകിയൊന്നായിക്കൊണ്ടല്ലാതെ ഒരു നല്ല കവിതയും കണ്ടിട്ടില്ല. കാറ്റും കടലും കുന്നും കിണ്ടിയും ഗണപതിയും ഭൂഗർഭത്തിലെ/ഭൂദുഃഖത്തിലെ അദൃശ്യനീരോട്ടങ്ങളും പ്രതിരോധവും ജൈവനീതിദർശനവും ഒരൊറ്റ സമഗ്രഹാനുഭൂതിയായി മാറാതെ അസാധ്യം ‘കാറ്റേ കടലേ’. — കെ ജി എസ്

## വി. കെ. നാരായണന്റെ കവിത

- വി കെ നാരായണന്റെ മൂന്നു കവിതകളും ഭാഷയിലും വിഷയസ്വീകരണത്തിലും വ്യത്യസ്തത പുലർത്തുന്നുണ്ട്. ഈ കവിത വായിച്ചപ്പോൾ എനിക്ക് തോന്നിയത്…

  ക മ: കമാന്നൊരക്ഷരം മിണ്ടാതിരിക്കുന്ന അടിമബോധത്തെ തോൽപ്പിച്ച് വാചാലനാക്കുന്നവനെ അടയാളപ്പെടുത്തുന്ന കവിത. നാടിനെയും നാട്ടാരെയും, നെടുകെയും കുറുകെയും നടന്നും ഇരുന്നുമാലോചിച്ച് പറഞ്ഞു കൊണ്ടിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള കവിത.

  ജനായത്ത സംവാദം: പേര് പറഞ്ഞ് ചേരി തിരിയുന്നതിനെക്കുറിച്ച് പറയുന്ന കവിത. ജനാധിപത്യം ഒരു പേരിന്റെ പക്ഷം പിടിക്കുമ്പോൾ ഭരണം ഒരു വിഭാഗത്തിനു വേണ്ടിയുള്ളത് മാത്രമാകുന്നു.

  കുഴി: മനുഷ്യന്റെ അസൂയമൂത്താണ് ക്ഷുദ്രപ്രയോഗങ്ങളുണ്ടാവുന്നത്. അന്യനെ വെറുത്ത് വെറുത്ത് സ്വയം നശിക്കുന്ന കൂട്ടത്തെ ക്കുറിച്ചാണ് പറയുന്നത്, ഉയരുക എന്ന പ്രക്രിയയ്ക്ക് നേർവിപരീതമായിട്ടുള്ള ആഹ്വാനം. — ഷംന നമ്പ്യാർ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014